**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 430** **08-08-2023 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസ് ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്. |
| (ബി) | എക്സൈസ് റേഞ്ച് ഓഫീസ് ഇല്ലാത്ത വെള്ളരിക്കുണ്ട് താലൂക്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്.കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ് ,നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ഒന്നാം ഘട്ടമായി രൂപീകരിക്കുന്നത് ഉൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്നു ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിശോധിക്കുകയും,ആയത് പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല എന്നും, എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാം ഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി ടി സാമ്പത്തിക വർഷത്തിൽ വിശദമായ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് രൂപീകരിക്കുന്നത് ഉൾപ്പെടെ വലിയ അധികാര അതിർത്തിയുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് 17 എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ